2B5N22178 (Pages : 2) Reg. No:.............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Fifth Semester BA Malayalam Degree Examination, November 2022

## BML5B07 – Malayala Vyakaranam

(2019 Admission onwards)

Time: 2 ½ hours Max. Marks: 80

### SECTION – A

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. സംഹിതയും സന്ധിയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.
2. ചില്ലുകൾ എന്നാലെന്ത് ? മലയാളത്തിലെ ചില്ലുകൾ ഏതെല്ലാം ?
3. നാമധാതു എന്തെന്ന് സോദാഹരണം വ്യക്തമാക്കുക.
4. അനുനാസികസംസർഗ്ഗം എന്നാലെന്ത് ?
5. "സംഖ്യാവിശേഷണം ചേർന്നാൽ
   ക്ലീബേ വേണ്ട ബഹുക്കുറി "
   – വിശദമാക്കുക.
6. കാരിത–അകാരിത ഭേദത്തിന്റെ അടിസ്ഥാനമെന്ത് ?
7. ഇരട്ടെഴുത്തുകൾ എന്നാലെന്ത് ?
8. സംവൃതോകാരത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?
9. കൃതികൃത്ത്, കാരകകൃത്ത് നിർവ്വചിച്ചുദാഹരിക്കുക.
10. വിശിഷ്ടക്രിയ എന്നാലെന്തെന്ന് വ്യക്തമാക്കുക.
11. ആഖ്യ, ആഖ്യാതം – നിർവ്വചിക്കുക.
12. ഇടനില എന്നാലെന്ത് ?
13. "നാരായവേരാം പ്രകൃതി " വ്യക്തമാക്കുക.
14. ദ്വന്ദ്വസമാസം ഉദാഹരണസഹിതം വ്യക്തമാക്കുക.
15. "പ്രാർത്ഥനാർത്ഥക്രിയാംഗത്തി–
    ന്നന്ത്യാകാരവുമങ്ങനെ"
    – വിശദമാക്കുക.

(15 x 2 = 30
പരമാവധി മാർക്ക് 25)

### SECTION – B

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. മലയാളത്തിലെ പ്രധാനപ്പെട്ട വർണ്ണവികാരങ്ങളെ പരിചയപ്പെടുത്തുക.
17. തൽപ്പുരുഷസമാസത്തിന്റെ അവാന്തര വിഭാഗങ്ങൾ ഏതെല്ലാം ?
18. 'വിനയെച്ചങ്ങളഞ്ചത്രേ' – ഏതെല്ലാം ? വിവരിച്ചുദാഹരിക്കുക.
19. വിഭക്ത്യാഭാസം എന്നാലെന്ത് ? എത്രവിധം ? വിശദമാക്കുക.
20. ലിഖിതഭാഷയിൽ ചിഹ്നങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുക.

21. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിവരിക്കുക.

22. വിനാമക്രിയ എന്നാലെന്ത് ?

23. "വർഗ്ഗ്യങ്ങൾ പരമായ് വന്നാൽ
അതാതിൻ പഞ്ചമം വരാം"
– സോദാഹരണം വിശദമാക്കുക.

(5 x 8 = 40
പരമാവധി മാർക്ക് 35)

## SECTION – C

**എതെങ്കിലും രണ്ട് ചോദ്യത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. കേരളപാണിനീയത്തിലേയും ലീലാതിലകത്തിലേയും സന്ധികാര്യങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക.

25. "നാമാദി നാലിനും ചെയ്യാം
വിഭാഗം പല ജാതിയിൽ"
– സോദാഹരണം വിവരിക്കുക.

26. മലയാളത്തിലെ അക്ഷരസംഖ്യയെക്കുറിച്ചുള്ള വിവിധ വൈയാകരണന്മാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

27. അർത്ഥം, പ്രകൃതി, പ്രാമാണ്യം എന്നിവ പ്രമാണിച്ച് മലയാളത്തിലെ ക്രിയകളെ കേരളപാണിനി എങ്ങനെ വർഗ്ഗീകരിച്ചിരിക്കുന്നുവെന്ന് വിശദമാക്കുക.

(2 x 10 = 20)

2B5N22179 (Pages : 1) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2022**

**BML5B08 – Paschathya Sahithya Sidhanthangal**

(2019 Admission onwards)

Time: 2 ½ hours Max. Marks: 80

**സെക്ഷൻ - എ**

1 **ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക. പരമാവധി 25 മാർക്ക്.**

1. റിപ്പബ്ലിക്കിലെ പ്രധാന വിഷയമെന്ത്?
2. സ്വയംപൂർണ്ണമായ ക്രിയ എന്നതുകൊണ്ട് അരിസ്റ്റോട്ടിൽ വിവക്ഷിക്കുന്നതെന്ത്?
3. സോഷ്യലിസ്റ്റ് റിയലിസം എന്നാലെന്ത്?
4. മനസ്സിന്റെ പ്രവർത്തനമണ്ഡലത്തെ ഫ്രോയ്ഡ് സങ്കല്പിക്കുന്നതെങ്ങനെ?
5. കാല്പനികതാപ്രസ്ഥാനത്തിന്റെ പ്രകടനപത്രിക ഏത് ?
6. കോളറിഡ്ജ്കവിതയുടെ ലക്ഷ്യമായി കാണുന്നതെന്ത് ?
7. കലയെ ടോൾസ്റ്റോയ് നിർവചിക്കുന്നതെങ്ങനെ?
8. ഫോർമലിസത്തിന്റെ പ്രധാന പരിമിതിയെന്ത്?
9. റൊളാങ്ങ് ബാർത്തിന്റെ പ്രധാന സങ്കല്പനമെന്ത്?
10. പരോൾ എന്നാലെന്ത്?
11. സാന്നിധ്യത്തിന്റെ അതിഭൗതികം (Metaphysics of presence) എന്ന സങ്കല്പം മുന്നോട്ടു വെച്ചതാര്?
12. ഫ്യൂച്ചറിസത്തിന്റെ മാനിഫെസ്റ്റോ തയ്യാറാക്കിയതാര്?
13. ക്രോച്ചേ ആത്മാവിഷ്ക്കാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
14. എക്സിസ്റ്റൻഷ്യലിസത്തിന്റെ രണ്ട് വിഭാഗങ്ങൾ ഏതെല്ലാം ?
15. ലിബിഡോ എന്നാലെന്ത്?

**2 x 15 = 30** പരമാവധി 25 മാർക്ക്.

**സെക്ഷൻ – ബി**

II. **ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക. പരമാവധി 35 മാർക്ക്.**

16. വസ്തുപ്രപഞ്ചം സത്യത്തിന്റെ നിഴൽ മാത്രമാണെന്ന് പ്ലേറ്റോ സ്ഥാപിക്കുന്നതെങ്ങനെ?
17. കഥാർസിസിനുണ്ടായ വ്യാഖ്യാനഭേദങ്ങളെ പരിചയപ്പെടുത്തുക
18. കാവ്യഭാഷയെക്കുറിച്ചുള്ള വേർഡ്സ്വർത്തിന്റെ നിരീക്ഷണമെന്ത്?
19. കോളറിഡ്ജ് മുന്നോട്ടുവയ്ക്കുന്ന കവി ശക്തിയുടെ ലക്ഷണങ്ങൾ എന്തെല്ലാം?
20. വിന്യസനപരം, സദൃശപരം ഇവ എന്തെന്ന് വ്യക്തമാക്കുക
21. ഭാഷാതത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ സാഹിത്യഭാഷയെ അപഗ്രഥിക്കുകയാണോ ശൈലീവിജ്ഞാനം?
22. പ്രഥമഭാവന, ദ്വിതീയഭാവന ഇവ എന്തെന്ന് വ്യക്തമാക്കുക.
23. ടോൾസ്റ്റോയ് മുന്നോട്ടുവയ്ക്കുന്ന കലയുടെഗുണങ്ങൾ എന്തെല്ലാം ?

**5 x 8 = 40** പരമാവധി 35 മാർക്ക്

**സെക്ഷൻ സി.**

III **ഏതെങ്കിലും 2 ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

24. പ്ലേറ്റോയുടെ കലാതത്ത്വനിരൂപണത്തിന്റെ അടിസ്ഥാനമെന്തെന്ന് വിശദമാക്കുക.
25. ഉദാത്തതയെക്കുറിച്ചുള്ള ലോംഗിനസ്സിന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക
26. കാവ്യപ്രകൃതിയെക്കുറിച്ചുള്ള വേർഡ്സ്വർത്തിന്റെയും കോളറിഡ്ജിന്റെയും സമീപനങ്ങൾ താരതമ്യം ചെയ്യുക.
27. ആധുനികാനന്തരവിമർശന സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുക

**2 x 10 = 20**

2B5N22180 (Pages : 2) Reg. No:..........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2022**

**BML5B09 – Malayala Sahithya Vimarshanam**

(2019 Admission onwards)

Time: 2 ½ hours Max. Marks: 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 15 = 30 ( പരമാവധി മാർക്ക് 25)]

1. വിമർശനവും നിരൂപണവും തമ്മിലുള്ള വ്യത്യാസം എന്ത്?
2. കേസരി എ. ബാലകൃഷ്ണപിള്ള സമൂഹത്തിലെ വിഷം തീനികൾ എന്ന് വിശേഷിപ്പിച്ചത് ആരെയാണ്?
3. എ.ആർ. രാജരാജവർമ്മ ഭാഷാഭൂഷണത്തിൽ വിവരിച്ചിരിക്കുന്ന നാല് ശബ്ദാലങ്കാരങ്ങൾ ഏതെല്ലാം?
4. മലയാളത്തിൽ ആധുനിക നിരൂപണ പ്രസ്ഥാനത്തിന് മാർഗദർശനം നൽകിയതാര്?
5. കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി , എഴുത്തച്ഛൻ എന്നീ മൂന്നു മഹാകവികളെക്കുറിച്ചുള്ള പഠന വിമർശനങ്ങൾ എഴുതിയതാര്?
6. ബഷീറിന്റെ വ്യക്തിപരമായ കലാഗുണം എന്താണെന്നാണ് എം. പി പോളിന്റെ അഭിപ്രായം?
7. രാമായണ കഥയെ ഉപജീവിച്ചെഴുതിയ കുമാരനാശാന്റെ രണ്ട് കൃതികൾ ഏവ?
8. പരിസ്ഥിതി ദർശനത്തിലെ നാല് ശാഖകൾ ഏവ?
9. ഭാരതത്തിലെ അർദ്ധനാരീശ്വര സങ്കൽപ്പം ഒരു ഉഭയ ലിംഗ പ്രതീകം മാത്രമാണെന്ന് പറയാമോ?
10. 'വീട്ടിൽ കണ്ണാടിയിലും ഭർത്താവിലും കണ്ടെത്താത്ത സ്വത്വം ഒരുവൾ കുന്നിൻ മുകളിലെ കരിങ്കൽ പ്രതിഷ്ഠയിൽ തേടുന്നു '.... ഏത് കഥയിലെതാണ് ഈ വാക്യങ്ങൾ? എഴുതിയതാരാണ് ?
11. പൂതപ്പാട്ടിലെ 'അമ്മ ' പൂതം കാട്ടുതീയായി വന്നപ്പോൾ പ്രതിരോധം തീർത്തത് എങ്ങനെ?
12. ഏത് കൃതിയുടെ പഠനവും വ്യാഖ്യാനവുമാണ് കാന്താര താരകം?
13. ബാല്യകാലസഖി ജീവിതത്തിൽനിന്നും വലിച്ചുചീന്തിയ ഒരേടാണ്, വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു' ഇങ്ങനെ പറഞ്ഞ വിമർശകൻ ആര്?
14. 'കണ്ണാടികൾ ഉടക്കുന്നതെന്തിന് ' എന്ന വിമർശന കൃതി എഴുതിയത് ആര്?
15. മണ്ഡന വിമർശനം എന്നാൽ എന്ത് ?.

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക. [5 x 8 = 40 (പരമാവധി മാർക്ക് 35)]**

16. കുമാരനാശാൻ എന്തുകൊണ്ടും 'കേരള വാത്മീകി ബിരുദത്തിന് അർഹനാണെന്ന് അഴീക്കോട് പറയുവാനുള്ള കാരണം എന്ത്?
17. ബാല്യകാലസഖിയിലെ കഥാപാത്രങ്ങൾക്ക് അനാദൃശമായ വ്യക്തി വിശേഷവും സ്ഫുടതയുമുണ്ട്. വിശദമാക്കുക?
18. സാഹിത്യസൃഷ്ടിയിൽ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യമെന്ത്?
19. ആദ്യകാല നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് കെ.കെ. കൊച്ചിനെ അഭിപ്രായമെന്ത്?
20. മനുഷ്യ ബോധം വർഗ്ഗ സമൂഹത്തിൽ വർഗ്ഗ സ്വഭാവത്തോട് കൂടി മാത്രമേ നിലനിൽക്കുള്ളു ഇങ്ങനെ പറയാനുള്ള കാരണം എന്ത്?
21. പാരിസ്ഥിതിക പ്രതിസന്ധികളോട് ആദ്യം പ്രതികരിച്ചത് എഴുത്തുകാർ തന്നെയാണെന്ന അഭിപ്രായം ശരിയാണോ? ഉദാഹരണങ്ങൾ സഹിതം വ്യക്തമാക്കുക.?
22. ജീവത്സാഹിത്യത്തിന്റെ ഉല്പത്തിയെക്കുറിച്ച് വിവരിക്കുക.?
23. നിലനിൽപ്പിനെ സാധ്യമാക്കിയ പ്രകൃതിതന്നെ നിലനിൽപ്പിനെ അസാധ്യമാകും വിധം പരസ്പരവിരുദ്ധവും അതിസങ്കീർണമായ വിധത്തിലാണ് പ്രാചീനകാലത്ത് മനുഷ്യത്വത്തെ അഭിമുഖീകരിച്ചത് എന്ന് കെ. ഇ . എൻ. പറയുന്നത് എന്തുകൊണ്ട്?

**ഏതെങ്കിലും രണ്ട് ചോദ്യങ്ങളെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക [2 x 10 = 20]**

24. 'ചിന്താവിഷ്ടയായ സീത' കേരളീയ സഹൃദയത്വത്തിന്റെ മുമ്പാകെ കനത്ത വെല്ലുവിളിയാണ് – വിശദീകരിക്കുക
25. സി.പി. അച്യുതമേനോന്റെ അവതാരികയെ മുൻനിർത്തി 'ബാല്യകാല സഖി 'എന്ന നോവലിന്റെ പ്രത്യേകതകൾ വിവരിക്കുക.
26. സാമൂഹ്യ പരിഷ്കരണം ഉള്ളടക്കമാക്കിയിട്ടുള്ള സരസ്വതീ വിജയത്തിന് മലയാള നോവൽ സാഹിത്യത്തിൽ അർഹമായ സ്ഥാനം ലഭിച്ചിട്ടില്ല എന്ന് പറയുന്നത് ശരിയോ ? സമർത്ഥിക്കുക.
27. നാർസിസവും (ആത്മരതി ) മാതൃ രതിയും ( ഈഡിപ്പസ് കോംപ്ലക്സ്) സമ്മേളിക്കുന്ന കാവ്യമാണ് മാമ്പഴം - എം എൻ . വിജയന്റെ മാമ്പഴമെന്ന മന:ശാസ്ത്ര നിരൂപണത്തെ മുൻ നിർത്തി വിശദമാക്കുക.

20

2B5N22181 (Pages : 2) Reg. No:.........................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2022**

**BML5B10 – Nadodi Vinjaneeyam**

(2019 Admission onwards)

Time: 2 ½ hours Max. Marks: 80

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. പ്രചലിത ഫോക്‌ലോർ എന്നാലെന്ത്?
2. 'കേരളത്തിലെ നാടോടിനാടകങ്ങൾ' ആരുടെ രചനയാണ്?
3. ഉച്ചപുരാവൃത്തം എന്നാലെന്ത്?
4. പരമ്പരയായി തലമുറ കൈമാറി വന്ന വസ്തുക്കളെയാണ് ഫോക്‌ലോർ ഉൾക്കൊള്ളുന്നതെന്ന് നിർവ്വചിച്ചതാര്?
5. രൂപഘടനയുടെയും വലിപ്പത്തിന്റെയും അടിസ്ഥാനത്തിൽ കഥാഗാനങ്ങളെ എത്രയായി തിരിക്കാം?
6. ഒരുക്കുശീലുകളുടെ പ്രത്യേകതയെന്ത്?
7. മുടിയേറ്റിനുപയോഗിക്കുന്ന വാദ്യങ്ങൾ ഏതെല്ലാം?
8. പടയണിയിലെ കാച്ചിക്കൊട്ട് എന്ന ചടങ്ങ് സൂചിപ്പിക്കുന്നതെന്തിനെയാണ്?
9. വീരകഥാഗാനങ്ങൾ എന്നാലെന്ത്?
10. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലുള്ള വിനോദകലയായി അറിയപ്പെടുന്നതേത് ?
11. മാപ്പിളപ്പാട്ടിലെ പ്രാസവ്യവസ്ഥകൾ ഏതെല്ലാം?
12. തെക്കൻപാട്ടുകളുടെ നടുനായകമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കൃതിയേത്?
13. ഇശൽ എന്നാലെന്ത്?
14. 'കൂളി' പ്രത്യക്ഷപ്പെടുന്ന അനുഷ്ഠാന നാടകമേത്?
15. 'കേരളത്തിലെ കാളീസേവ' ആരുടെ കൃതിയാണ്?

**15 X 2 = 30 (പരമാവധി മാർക്ക് 25)**

**II ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.**

16. ഫോക്‌ലോറിന്റെ ധർമ്മത്തെക്കുറിച്ചുള്ള വില്യം. ആർ. ബാസ്കത്തിന്റെ നിരീക്ഷണങ്ങൾ പരിശോധിക്കുക.

17. നാടോടിക്കഥകളുടെ സവിശേഷതകൾ വിവരിക്കുക.

18. പഴഞ്ചൊല്ലിന്റെ ജീവൻ അതിന്റെ സന്ദർഭമാണ് - ശരിയോ? വിശദമാക്കുക.

19. ഘടനയെ അടിസ്ഥാനമാക്കി കടങ്കഥകള എത്രയായി തരം തിരിക്കാം ? വിശദീകരിക്കുക.

20. സന്ദേശങ്ങളെ സുന്ദരമായ ഭാവനകളും ചരിത്രസത്യങ്ങളും കൊണ്ട് അലങ്കരിച്ച് അവതരിപ്പിക്കുകയാണ് ഐതിഹ്യങ്ങൾ ചെയ്യുന്നത് - ചർച്ച ചെയ്യുക

21. ഒപ്പന - കുറിപ്പെഴുതുക.

22. ജനസാമാന്യത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ അടയാളങ്ങൾ കഥാഗാനങ്ങളിൽ കണ്ടെത്താം - അപഗ്രഥിക്കുക.

23. നാടോടിനാടകവേദിയെ ആധുനിക നാടക വേദിയിൽ നിന്ന് വേർതിരിച്ചു നിർത്തുന്ന പ്രധാന വസ്തുതകൾ എന്തെല്ലാം?

**8 x 5 = 40 (പരമാവധി മാർക്ക് 35)**

**III രണ്ടു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

24. സമൂഹ ജീവിതത്തിന്റെ അനുസ്യൂതമായ പരിണാമത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഫോക്‌ലോർ - വിശദമാക്കുക.

25. സമൂഹ ജീവിതത്തിലെ അടിസ്ഥാന സത്യങ്ങളെ പഴഞ്ചൊല്ലുകൾ ആവിഷ്ക്കരിക്കുന്നതെങ്ങനെ എന്ന് വിശകലനം ചെയ്യുക.

26. കേരളീയ ജീവിതത്തിന്റെ ചരിത്രപരവും സാമൂഹികവുമായ മുദ്രകൾ നിറഞ്ഞതാണ് മാപ്പിളപ്പാട്ടുകൾ - പ്രസ്താവന വിശദമാക്കുക.

27. കേരളത്തിലെ പ്രധാനപ്പെട്ട അനുഷ്ഠാന നാടകങ്ങളെക്കുറിച്ച് പ്രതിപാദിക്കുക.

**2 x 10 = 20**

2B5N22182 (Pages : 2) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2022**

**(Open Course)**

**BML5D01 – Chalachithra Padanam**

(2019 Admission onwards)

Time: 2 hours

Max. Marks: 60

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 12 = 24 ( പരമാവധി മാർക്ക് 20)]

1. ട്രാക്കിംഗ് ഷോട്ട് എന്നാൽ എന്ത്?
2. പെർസിസ്റ്റൻസ് ഓഫ് വിഷൻ തത്വം വിശദമാക്കുക?
3. റ്റിൽറ്റിംഗ് എന്നാൽ എന്ത്?
4. എലിപ്പത്തായം - ലഘുകുറിപ്പ് തയ്യാറാക്കുക?
5. സിനിമയിൽ ബാക്ക് ലൈറ്റിംഗ് ഉപയോഗിക്കുന്നതിന്റെ ലക്ഷ്യമെന്ത്?
6. അനുകല്പനം എന്നാൽ എന്ത് ?
7. റീൽ, ഫ്രയിം, ഷോട്ട് - വിശദമാക്കുക?
8. ചിൽഡ്രൻ ഓഫ് ഹെവൻ
9. "ദ ഗ്രേറ്റ് ഡിക്ടേറ്റർ" ലഘു കുറിപ്പ് തയ്യാറാക്കുക?
10. മേഘ ധക്കതാര - ഇതിവൃത്തമെന്ത്?
11. വാസ്തുഹാര എന്ന സിനിമയുടെ തിരക്കഥ, സംവിധാനം ആരാണ് നിർവ്വഹിച്ചിരിക്കുന്നത്?
12. ഈ വർഷത്തെ മികച്ച ചലച്ചിത്ര നടനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ച നടൻ ആര് ? സിനിമ ഏത്?

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.** [7 x 5 = 35 (പരമാവധി മാർക്ക് 30)]

13. സിനിമയുടെ നട്ടെല്ലാണ് തിരക്കഥ - വിശദമാക്കുക?
14. ആദാമിന്റെ മകൻ അബുവിൽ വാർദ്ധക്യം അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
15. എഡിറ്റിംഗ് അഥവാ ചിത്രസംയോജനത്തിന് ചലച്ചിത്രത്തിൽ ഉള്ള പ്രാധാന്യം എന്ത്?
16. ഹൊറർ സിനിമകൾ വിശദമാക്കുക?
17. ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ ആസ്വാദനം തയ്യാറാക്കുക?

18. ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമകൾ ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക?

19. ന്യൂവേവ് സിനിമകളെ കുറിച്ച് വിശദീകരിക്കുക?

**ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക [1 x 10 = 10]**

20. കോവിഡ് മഹാമാരിയും മാറിയ ചലച്ചിത്ര സംസ്കാരവും - ഉപന്യസിക്കുക?

21. ഇന്ത്യൻ സിനിമയിലെ തിരക്കഥാ സംവിധാന രംഗങ്ങളിലെ സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ച് ഉപന്യസിക്കുക?